(ബി) എത്ര സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങൾക്ക് കേടുവരുത്തിയിട്ടുണ്ട് ;

(സി) വൈദ്യുതി ബോർഡിന്റെ എത്ര ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ, ഓഫീസുകൾ മുതലായവ കേടുവരുത്തിയിട്ടുണ്ട് ;

(ഡി) ഇതുമൂലം ഒട്ടാകെ എന്തു തുകയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 102 ബസ്സുകൾക്ക് നാശനഷ്ടം വന്നിട്ടുണ്ട്.

(ബി) സർക്കാർ വാഹനം - 104

പൊതുമേഖലാ വാഹനം - 154

പഞ്ചായത്ത് നഗരപാലികാ വാഹനം - 2

ഇതിൽ ഒരു കേന്ദ്രബറ്റാലിയൻ ബസ്സും ഒരു ജീപ്പും ഉൾപ്പെടും.

(സി) ടി സംഭവവുമായി ബന്ധപ്പെട്ട് 32 ഓഫീസുകൾക്ക് കേട് വരുത്തിയിട്ടുണ്ട്.

(ഡി) ഉദ്ദേശം 80,99,469 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും കവർന്നെടുത്ത ആനുകൂല്യങ്ങൾ തിരിച്ചുനൽകുന്നത് സംബന്ധിച്ച ചർച്ചകൾ

114 (749) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും കവർന്നെടുത്ത ആനുകൂല്യങ്ങൾ തിരിച്ചുനൽകുന്നത് സംബന്ധിച്ച് സർക്കാർ, സംഘടനകളുമായി നടത്തിയ ചർച്ചകൾ എന്തൊക്കെയാണ് ; ഈ ചർച്ചയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ആനുകൂല്യങ്ങളാണ് ജീവനക്കാർക്ക് തിരിച്ച് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) 2002 മാർച്ച് 1 മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്കരണത്തെക്കുറിച്ച് സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടന്ന സമരത്തോടനുബന്ധിച്ച് 9-3-2002-ൽ ചർച്ച നടത്തി. 16-1-2002-ലെ ജി.ഒ.(പി) 56/2002/ധനം.ഉത്തരവ് പ്രകാരം കുറവ് വരുത്തിയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, 2002 ഫെബ്രുവരി-മാർച്ച് മാസത്തെ സമരത്തോടനുബന്ധിച്ച് ജീവനക്കാർക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കുക എന്നീ ആവശ്യങ്ങളാണ് 9-3-2002-ലെ ചർച്ചയിൽ ജീവനക്കാരുടെ പ്രതിനിധികൾ ഉന്നയിച്ചത്. അന്ന് മുഖ്യമന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 2-4-2003-ലും ചർച്ച നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 9-3-2002-ലെ ചർച്ചയിൽ ഉണ്ടായ ധാരണയനുസരിച്ച് 16-1-2002-ലെ ഉത്തരവ് പ്രകാരം കുറവ് വരുത്തിയ പെൻഷൻ കമ്മ്യൂട്ടേഷൻ തുകയുടെ 50% പുനഃസ്ഥാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. 2002 ജൂൺ വരെ പുനർവിന്യസിക്കപ്പെടാൻ സാധ്യതയില്ലാത്ത അദ്ധ്യാപകർക്ക് പുനർവിന്യസിക്കുന്നത് വരെ 50% ശമ്പളം നൽകുന്നതിന് തീരുമാനിച്ചു. ജീവനക്കാർ ഉന്നയിച്ച സാമ്പത്തിക ബാദ്ധ്യതയുള്ള മറ്റ് ആവശ്യങ്ങളെക്കുറിച്ച് ഒരു വർഷമാകുമ്പോൾ ചർച്ച ചെയ്യാമെന്ന് മുഖ്യമന്ത്രി നൽകിയ ഉറപ്പനുസരിച്ച് 2-4-2003-ൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ ജീവനക്കാരുടെ ആവശ്യങ്ങൾ എത്രയും വേഗം പരിശോധിച്ച് തീരുമാനമെടുക്കാമെന്ന് മുഖ്യമന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2002-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്കും പുതുതായി നിയമനം ലഭിക്കുന്നവർക്കും 1-6-2003 മുതൽ എല്ലാവിധ അലവൻസുകളുമുൾപ്പെടെ പൂർണ്ണമായ തോതിൽ ശമ്പളം നൽകുന്നതിനും എല്ലാ ജീവനക്കാർക്കും വർഷത്തിൽ 10 ദിവസം ഏൺഡ് ലീവ് സറണ്ടർ ചെയ്യുന്നതിന് അനുവദിക്കുന്നതിനും പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്ന ജീവനക്കാർക്ക് പൂർണ്ണ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള കാലാവധി 15 വർഷമാക്കി വർദ്ധിപ്പിച്ചത് 12 വർഷമാക്കി പുനഃസ്ഥാപിക്കുന്നതിനും 14-7-1997-ന് മുമ്പ് നിയമനം ലഭിച്ച പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് അവരെ പുനർവിന്യസിക്കുന്നതുവരെ ശമ്പളം നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചു.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സംസ്ഥാനത്ത് നിലവിലുള്ള ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ

115 (752) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥരാണ് ഉള്ളത് എന്നു വെളിപ്പെടുത്തുമോ ;

(ബി) അവരിൽ എത്രപേർ നേരിട്ടു നിയമനം ലഭിച്ചവരും എത്രപേർ സർവ്വീസിൽ നിന്നുള്ളവരാണെന്നും വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഐ.എ.എസ്. ഉള്ളവർതന്നെ ജോലി ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ള എത്ര പോസ്റ്റുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ; അവ ഏതെല്ലാം എന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥർ എത്ര പേരാണ് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവരിൽ എത്രപേർ നേരിട്ട് ഐ.പി.എസ്. ലഭിച്ചവരും എത്രപേർ സർവ്വീസിൽ നിന്നുള്ളവരാണെന്നും വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് ഐ.പി.എസ്.കാർ വേണമെന്ന് നിർബന്ധമായും നിബന്ധനയുള്ള തസ്തികകൾ എത്രയെന്ന് വ്യക്തമാക്കുമോ ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly